പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :669 29.11. 2018 ൽ മറുപടിക്ക്

# വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശിക

ചോദ്യം — ഉത്തരം

ശ്രീ.ഡി.കെ.മുരളി — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബിയ്ക്ക് സ്വകാര്യമേഖലയിൽ നിന്നും ഗാർഹിക ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജിനത്തിൽ ലഭിക്കേണ്ടതും ദീർഘകാലമായി കുടിശ്ശികയുള്ളതുമായ തുകകൾ ഈടാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;<br>(ബി) ദീർഘകാല കുടിശ്ശികകൾ ഈടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ? | (എ) & (ബി) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും , കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും , വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകുകയും ചെയ്യുന്നുണ്ട്. . കാലാകാലങ്ങളിൽ KSERC യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016 ൽ ഒരു തവണ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിനു പുറമെ 08/06/2018 – ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗരേഖകൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള ഉത്തരവ് ബോർഡ് 20.08.2018 നു പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കു- വാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മറ്റികൾക്കു ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. നിലവിലെ പദ്ധതിക്ക് 31.12.2018 വരെ പ്രാബല്യം ഉണ്ട്. |

സെക്ഷൻ ഓഫീസർ